പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 284** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ (മുൻപത്തെ ഉപഭോക്തൃ ഫോറങ്ങൾ) പ്രവർത്തനം കഴിഞ്ഞ രണ്ടു വർഷമായി ഭാഗികമായോ പൂർണ്ണമായോ തടസ്സപ്പെട്ടിട്ടുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇടുക്കി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനം **06/12/2024** മുതൽ **15/03/2026** വരെ പൂർണ്ണമായും, 16/03/2026 മുതൽ നാളിതുവരെ ഭാഗികമായും തടസപ്പെട്ടിട്ടുണ്ട്. **01/12/2023** മുതൽ ടി കമ്മീഷനിൽ പ്രസിഡന്റ്, ഒരു അംഗം എന്നിവർ മാത്രമാണ് ഉണ്ടായിരുന്നത്. ടി അംഗത്തിന് 5 വർഷ കാലാവധി അവസാനിച്ച മുറയ്ക്ക് അപേക്ഷ പ്രകാരം **05/12/2024** ന് വിടുതൽ ചെയ്തിരുന്നു. ആയതിന് ശേഷം **06/12/2024** മുതൽ പ്രസിഡന്റ് മാത്രമായതിനാൽ ക്വാറം തികയാത്ത സാഹചര്യത്തിൽ കമ്മീഷന്റെ പ്രവർത്തനം തടസപ്പെട്ടിരുന്നു.

**GO(Rt)No.48/2025/CAD തീയതി 18/09/2025** പ്രകാരം കോട്ടയം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒരു അംഗത്തിന് ഇടുക്കി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗത്തിന്റെ അധിക ചുമതല നൽകി ഉത്തരവാകുകയും, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ 12/03/2026 ലെ KSCDRC/59/2024-A ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒരു അംഗത്തിന് എല്ലാ ആഴ്ചയിലേയും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഇടുക്കി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ഹാജരായി അംഗത്തിന്റെ അധികാരം വിനിയോഗിക്കുന്നതിനും, ചുമതലകൾ (പ്രവർത്തനങ്ങൾ) നിർവഹിക്കുന്നതിനുമുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. നിലവിൽ ഇടുക്കി ജില്ലാ കമ്മീഷനിൽ എല്ലാ ആഴ്ചയിലേയും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ പ്രവർത്തനം നടക്കുന്നുണ്ട്.

**(ബി)** എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് നിലവിൽ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഒഴിവുകൾ കാരണം പ്രവർത്തനം നിശ്ചലമായിരിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പൂർണ്ണമായും പ്രവർത്തനം നിലച്ച ജില്ലാ കമ്മീഷനുകൾ ഒന്നുംതന്നെയില്ല.

**(സി)** ഫോറങ്ങളുടെ പ്രവർത്തനം നിശ്ചലമായതു കാരണം തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ നിലവിലെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇടുക്കി ജില്ലാ കമ്മീഷനിൽ **30/09/2026** വരെ **672** കേസുകൾ.

**(ഡി)** ഉപഭോക്തൃ ഫോറങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനും പ്രവർത്തനം പുനരാരംഭിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒഴിവുകൾ എന്ന് നികത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിയമ വകുപ്പുമായി ഈ വിഷയം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**